(സി) പ്രീ-പ്രൈമറി അദ്ധ്യാപക പരിശീലനം നേടുന്ന ഉദ്യോഗാർത്ഥികൾക്ക് തൊഴിലവസരം ലഭ്യമാക്കുന്നതിന് ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) എല്ലാ ഗവ. എൽ. പി. സ്കൂളുകളോടും എയ്ഡഡ് സ്കൂളുകളോടും അനുബന്ധമായി പ്രീ-പ്രൈമറി സ്കൂളുകൾ ആരംഭിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) എങ്കിൽ ഇത് സംബന്ധിച്ച് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദീകരിക്കുമോ ?

ഉത്തരം

(എ) നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ എന്ന സ്ഥാപനമാണ് അംഗീകാരം നൽകുന്നത്.

(ബി) അംഗീകാരമുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി-ഇ) ഇത്തരം കാര്യങ്ങൾ സർക്കാരിന്റെ പരിഗണനയിലില്ല.

അദ്ധ്യാപകർക്ക് പരിശീലനം നൽകാൻ നടപടി

167 (2889) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാഠ്യപദ്ധതിയോടൊപ്പം പാഠ്യേതരപദ്ധതിയും ചില സ്റ്റാൻഡേർഡുകളിൽ നടപ്പാക്കിയത് വിദ്യാർത്ഥികളേയും രക്ഷിതാക്കളേയും ഏറെ ബുദ്ധിമുട്ടുണ്ടാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വിദ്യാർത്ഥികളുടേയും രക്ഷിതാക്കളുടേയും ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് പാഠ്യേതര വിഷയങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകാതെ പഠനത്തിൽ ശ്രദ്ധിക്കാൻ കഴിയും വിധം പദ്ധതിയിൽ മാറ്റം വരുത്തുമോ ;

(സി) 8,9,10 സ്റ്റാൻഡേർഡുകളിൽ സിലബസിൽ വരുത്തിയ മാറ്റം കാരണം വിദ്യാർത്ഥികൾ ഏറെ ബുദ്ധിമുട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പുതിയ സിലബസ് പ്രകാരം വേണ്ട പഠനത്തിന് അദ്ധ്യാപകർക്ക് ആവശ്യമായ പരിശീലനം ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ അദ്ധ്യാപകർക്ക് ആവശ്യമായ പരിശീലനം അടിയന്തിരമായി നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പാഠ്യപദ്ധതി, പാഠ്യേതര പദ്ധതി എന്നിങ്ങനെയുള്ള വേർതിരിവ് ഇപ്പോഴില്ല. പകരം വൈജ്ഞാനിക മേഖലയും സഹവൈജ്ഞാനിക മേഖലയുമാണുള്ളത്. വൈജ്ഞാനിക മേഖലയിൽ പാഠപുസ്തകങ്ങൾ ഉള്ള വിഷയങ്ങളും സഹവൈജ്ഞാനികമേഖലയിൽ പ്രവൃത്തി പരിചയം, ആരോഗ്യവും കായികാഭ്യാസവും എന്നിവയും ഉൾപ്പെടുത്തിയിരിക്കുന്നു. വൈജ്ഞാനിക മേഖലയിലും സഹവൈജ്ഞാനിക മേഖലയിലും പഠിതാവ് നിശ്ചിത മികവ് പുലർത്തേണ്ടതാണ്.

(സി) ഇല്ല.

(ഡി) ഉണ്ട്.

(ഇ) പുതിയ സിലബസ് പ്രകാരം പഠിപ്പിക്കുന്നതിന് അദ്ധ്യാപകർക്ക് വെക്കേഷൻ കാലത്ത് തന്നെ പരിശീലനം നൽകി തുടങ്ങിയിരുന്നു. പരിശീലനം ഇനിയും നേടിയിട്ടില്ലാത്തവർക്ക് പരിശീലനം നൽകാൻ നടപടി സ്വീകരിച്ചു വരുന്നു.

അദ്ധ്യാപകരുടെ നിയമനങ്ങളിൽ അന്ധരായ ഉദ്യോഗാർത്ഥികൾക്ക് സംവരണാനുകൂല്യം

168 (2890) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈസ്കൂൾ അദ്ധ്യാപകരുടെ നിയമനങ്ങളിൽ അന്ധരായ ഉദ്യോഗാർത്ഥികൾക്ക് സംവരണാനുകൂല്യം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കാമോ ;

(സി) കൊല്ലം ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ വിവിധ തസ്തികകളിൽ അന്ധർക്കായി സംവരണം ചെയ്യപ്പെട്ടിട്ടുള്ള ഒഴിവുകൾ എത്രയാണ് ;

(ഡി) അന്ധർക്കായി സംവരണം ചെയ്തിട്ടുള്ള ഒഴിവുകളിൽ യഥാസമയം നിയമനം നടത്തുന്നതിൽ കൊല്ലം ജില്ലയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഈ വീഴ്ച പരിഹരിച്ച് അന്ധർക്ക് സംവരണം ചെയ്യപ്പെട്ടിട്ടുള്ള ഒഴിവുകളിൽ നിയമനം നടത്തുന്നതിന് ജില്ലാ അധികാരികൾക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly